പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 871 08-01-2014 - ൽ മറുപടിയ്ക്ക്

## നമ്പ്യാർക്കാൽ അണക്കെട്ട്

| ചോദ്യം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ | മറുപടി<br>ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) നമ്പ്യാർക്കാൽ അണക്കെട്ടിനുവേണ്ടി എന്തു തുകയുടെ എസ്റ്റിമേറ്റിനാണ് ആദ്യം ഭരണാനുമതി നൽകിയത് എന്ന് വ്യക്തമാക്കുമോ ; പ്രസ്തുത എസ്റ്റിമേറ്റനുസരിച്ച് പണി നടക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; | (എ) നമ്പ്യാർക്കാൽ അണക്കെട്ടിന്റെ പുനരുദ്ധാരണ പണികൾക്കായി 120 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റിനാണ് ആദ്യം ഭരണാനുമതി നൽകിയിരുന്നത്. എന്നാൽ ഈ പ്രവൃത്തിക്ക് ഡിസൈൻ അംഗീകാരം ആവശ്യമായതിനാൽ ഇൻവെസ്റ്റിഗേഷൻ നടത്തേണ്ടി വന്നതിനാലാണ് കാലതാമസം നേരിട്ടത്. |
| (ബി) പുതുക്കിയ ഭരണാനുമതി നൽകിയത് എന്തു തുകയുടെ എസ്റ്റിമേറ്റിനായിരുന്നുവെന്ന് വ്യക്തമാക്കാമോ ; ഇതനുസരിച്ച് പ്രവൃത്തി നടക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ; | (ബി) 435 ലക്ഷം രൂപയ്ക്കാണ് പുതുക്കിയ ഭരണാനുമതി നൽകിയത്. ഇതനുസരിച്ച് പ്രവർത്തി ടെണ്ടർ ചെയ്യുകയും 26% അധികമായി ദർഘാസ് പാസ്സാക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത റേറ്റിൽ പണി ഏറ്റെടുക്കുവാൻ കരാറുകാരൻ തയ്യാറായില്ല ആയതിനാലാണ് പ്രസ്തുത പ്രവൃത്തി നടക്കാതിരുന്നത്. |
| (സി) മൂന്നാം തവണ ഭരണാനുമതി നൽകിയത് എത്ര രൂപയുടെ എസ്റ്റിമേറ്റിനായിരുന്നു ; | (സി) 620 ലക്ഷം രൂപയ്ക്കാണ് മൂന്നാം തവണ ഭരണാനുമതി നൽകിയത്. |
| (ഡി) രണ്ടാം തവണത്തെ കരാറിനെക്കാൾ എത്ര ലക്ഷം രൂപ അധികമാണ് ഇപ്പോഴത്തെ എസ്റ്റിമേറ്റ് തുക എന്ന് വ്യക്തമാക്കാമോ ; | (ഡി) രണ്ടാം തവണ ഭരണാനുമതി നൽകിയ പ്രവൃത്തിക്ക് ടെണ്ടർ കമ്മിറ്റി അംഗീകരിച്ച നിരക്കിൽ പണി ഏറ്റെടുക്കുവാൻ കരാറുകാരൻ തയ്യാറായില്ല. രണ്ടാം തവണ ഭരണാനുമതി നൽകിയതിനെക്കാൾ 185 ലക്ഷം രൂപ അധികമാണ് ഇപ്പോഴത്തെ എസ്റ്റിമേറ്റ് തുക. |
| (ഇ) ഓരോ തവണയും ഭരണാനുമതി നൽകി പദ്ധതി നടപ്പിലാകാതെ പോകുമ്പോൾ എസ്റ്റിമേറ്റ് തുക വർദ്ധിപ്പിക്കുന്നതിലൂടെ പദ്ധതിക്ക് വേണ്ടി വരുന്ന അധിക ചെലവിന്റെ ഉത്തരവാദികൾ ആരൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ ; | (ഇ) ഇല്ല |
| (എഫ്) എങ്കിൽ അവർക്കെതിരെ അന്വേഷണമോ നടപടിയോ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ? | (എഫ്) ഇല്ല |

സെക്ഷൻ ഓഫീസർ.